**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3171** **07-10-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിൽ കായിക വകുപ്പ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ കായിക വകുപ്പ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ? | (ബി) | പ്രസ്തുത പ്രവർത്തികളെല്ലാം തന്നെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | 2024 - 25 ബഡ്ജറ്റിൽ ഉൾപ്പെട്ട തെക്കുംകര ഗ്രാമപഞ്ചായത്തിലെ പുന്നംപറമ്പ് കളിസ്ഥലം വികസനം | 100 | 15.01.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ടി പദ്ധതിക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. M/s. നീഷാൻ & എൽ.ജെ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് 77.86 ലക്ഷം രൂപയ്ക്ക് (GST ഒഴികെ) ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. 6 മാസമാണ് ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി. ഈ പദ്ധതിയിൽ പ്രധാനമായും മഡ് ഫുട്ബോൾ ഗ്രൗണ്ട്, മഡ് വോളീബോൾ കോർട്ട്, മഡ് ബാഡ്മിൻറൺ കോർട്ട്, ഓപ്പൺ സ്റ്റേജ്, ഗ്യാലറി, ഫെൻസിംഗ്, ടോയ്ലറ്റ് ബ്ലോക്ക്, യാർഡ് ലൈറ്റനിംഗ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 30% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 30.11.2025 തീയ്യതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 2 | 2024 - 25 ബഡ്ജറ്റിൽ ഉൾപ്പെട്ട അടാട്ട് ഗ്രാമപഞ്ചായത്ത് ചിറ്റിലപ്പള്ളി ഗ്രൗണ്ടിലെ മൾട്ടിപർപ്പസ് ഇൻഡോർ ഹാൾ നിർമ്മാണം | 100 | 15.01.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ടി പദ്ധതിക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. പ്രദീപ്. എസ്, എന്ന കരാറുകാരനാണ് 18.08.2025 തീയ്യതിയിൽ 86.55 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ മൾട്ടി പർപ്പസ് ഇൻഡോർ ഹാൾ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 8 മാസമാണ് ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി. |
| 3 | 2024 - 25 ബഡ്ജറ്റിൽ ഉൾപ്പെട്ട കോലാഴി ഗ്രാമപഞ്ചായത്തിലെ കാക്കത്തോപ്പ് ഗ്രൗണ്ട് വികസനം | 100 | 15.01.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ടി പദ്ധതിക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 93.88 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. M/s.Neeshan & LJ Private Limited എന്ന സ്ഥാപനമാണ് 78.36 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ ഗ്രൗണ്ട് ഡെവലപ്മെൻറ്, ഇൻഡോർ മഡ് വോളീബോൾ കോർട്ട്, ഫെൻസിംഗ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 40% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 11.02.2026 തീയ്യതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 4 | 2025 - 26 ബഡ്ജറ്റിൽ ഉൾപ്പെട്ട തെക്കുംകര ഗ്രാമപഞ്ചായത്തിലെ മണലിത്തറ ഗ്രൗണ്ട് നവീകരണം | 100 | 2025 - 26 ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള തെക്കുംകര ഗ്രാമപഞ്ചായത്തിലെ മണലിത്തറ ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുടെ ഭരണാനുമതിക്കു വേണ്ടി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷനിൽ നിന്നും കായിക യുവജനകാര്യാലയ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 5 | കൈപ്പറമ്പ് മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിലെ മേപ്പിൾ വുഡ് ഫ്ളോറിംഗ് | 40.86 | • 09.01.2023 തീയ്യതിയിലെ ഉത്തരവ് പ്രകാരം 40.86 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്ന പ്രവൃത്തിക്ക് M/s.Guess 9 Sports Floor, കോഴിക്കോട് എന്ന സ്ഥാപനവുമായി 31.01 ലക്ഷം രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ടി പ്രവൃത്തി 25.01.2025 തീയ്യതിയിൽ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| 6 | പറളിക്കാട് മിണാലൂർ ഗ്രൗണ്ടിലെ ഇൻഡോർ കോർട്ടിൻറെ ബാലൻസ് പ്രവൃത്തി | 141.36 | • 26.05.2023 തീയ്യതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 141.36 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.<br>• 133.99 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു.<br>• ശ്രീ. ഇ.ബി ഷിബു, തൃശ്ശൂർ എന്ന കരാറുകാരനാണ് 122.82 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. നിലവിലുള്ള ഇൻഡോർ കോർട്ടിൻറെ മെയിൻറിനൻസ് പ്രവൃത്തികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. ടോയ്‌ലറ്റ് ബ്ലോക്കിൻറെ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. മാപ്പിൾ വുഡ് ഫ്ളോറിംഗിന് മുന്നോടിയായുള്ള കോൺക്രീറ്റ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 35% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2025 ഡിസംബർ മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 7 | വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ ജി.<br>എം.<br>ബി<br>.എച്ച്.എസ്.എസിലെ കളിസ്ഥലം വികസനം | 100 | വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ ജി.എം.ബി.എച്ച്.എസ്.എസിലെ കളിസ്ഥലം വികസനത്തിനായി ബഹു. വടക്കാഞ്ചേരി നിയോജക മണ്ഡലം എം.എൽ.എ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവർകളുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു.<br>27.01.2024 തീയ്യതിയിലെ കായിക വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്ക് പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപ ഉൾപ്പെടെ 100.00 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | 93.88 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. അബൂബക്കർ ടി.എ, തൃശ്ശൂർ എന്ന കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. നിലവിൽ ഡ്രെയിനേജിൻറെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്, ഗ്രൗണ്ട് ഡെവലപ്മെൻറ് പ്രവൃത്തികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്, ക്രിക്കറ്റ് പ്രാക്ടീസ് പിച്ച്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 70% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 30.10.2025 തീയ്യതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 8 | കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണം | 100 | പ്രസ്തുത പ്രവൃത്തിക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി എസ്റ്റിമേറ്റ് 30.07.2025 തീയ്യതിയിൽ തൃശ്ശൂർ ജില്ലാ കളക്ടർക്കും, കായിക യുവജനകാര്യാലയ ഡയറക്ടർക്കും സമർപ്പിച്ചു. ഇതനുസരിച്ച് തൃശ്ശൂർ ജില്ലാ കളക്ടർ എം.എൽ.എ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയുടെ ഭരണാനുമതി 19.08.2025 ന് നൽകിയിട്ടുണ്ട്. കായിക യുവജനകാര്യ ഡയറക്ടറിൽ നിന്നും ടി പ്രവൃത്തിക്ക് പ്ലാൻ ഫണ്ട് വിഹിതം കൂടി ഉൾപ്പെടുത്തി സമഗ്ര ഭരണാനുമതി നൽകുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 9 | തോളൂർ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസനം - മുള്ളൂർ | 100 | പ്രസ്തുത പ്രവൃത്തിക്കായിക്കായി ബഹു. എം.എൽ.എ ഫണ്ട് വിഹിതം അനുവദിച്ച് കൊണ്ട് 30.08.2025 തീയ്യതിയിലെ തൃശ്ശൂർ ജില്ലാ കളക്ടർ ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. 22.09.2025 തീയ്യതിയിലെ കായിക യുവജനകാര്യാലയം ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്ക് സമഗ്രഭരണാനുമതി നൽകി ഉത്തരവായിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് |

| | | | |
|---|---|---|---|
| | | | ക്ഷണിച്ചിട്ടുണ്ട്. |
| 10 | തെക്കുംകര ഗ്രാമപഞ്ചായത്തിലെ പറമ്പായി ഗ്രൗണ്ട് നിർമ്മാണം | | സ.ഉ(സാധാ) നം. 220/2025/കാ.യു.വ 27.08.2025 തീയ്യതി പ്രകാരം ടി പ്രവൃത്തി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.<br>18.09.2025 തീയ്യതിയിലെ തൃശ്ശൂർ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടറുടെ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് എം.എൽ.എ ഫണ്ട് വിഹിതമായി 50.00 ലക്ഷം രൂപ അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയ്ക്കായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരുന്നു. |
| 11 | ഇ.എം.എസ്.ഗ്രൗണ്ട്, മിനാലൂർ | | സ.ഉ(സാധാ) നം. 223/2025/കാ.യു.വ 30.08.2025 തീയ്യതി പ്രകാരം ടി പ്രവൃത്തി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 18.09.2025 തീയ്യതിയിലെ തൃശ്ശൂർ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടറുടെ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് എം.എൽ.എ ഫണ്ട് വിഹിതമായി 50.00 ലക്ഷം രൂപ അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയ്ക്കായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ